125 കുട്ടികൾക്ക് 1,44,767 രൂപ സ്റ്റൈപ്പന്റും 4 എം. ടി. എ., 12 ബി. ടി. എ. വിദ്യാർത്ഥികൾക്ക് 70,435 രൂപ സ്കോളർഷിപ്പും അനുവദിച്ചു. അക്കാദമിയുടെ മുഖപത്രമായ കേളിമാസികയും സംഗീത സംബന്ധിയായ 'ബൃഹദ്ദേശി' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചു.

(സി&ഡി)

വർഷം	രാജ്യങ്ങളുടെ എണ്ണം	ചെലവായിട്ടുള്ള തുക(രൂപ)
2008	4	77,77,598
2009	3	80,85,811

(ഇ) സംഘടിപ്പിക്കാറുണ്ട്.

(എഫ്) നാടക, കഥാപ്രസംഗ രംഗത്ത് യുവ കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിന് ശില്പശാലകൾ സംഘടിപ്പിക്കുന്നുണ്ട്.

സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനം

19 (*409) ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) ഏതെല്ലാം കാര്യങ്ങൾക്കാണ് പി.ടി.എ.യുടെ സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തുന്നത് ;

(സി) പി.ടി.എ.യുടെ മാന്വൽ പുതുക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സ്കൂളുകളിൽ പൊതുചടങ്ങുകൾക്കായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) അദ്ധ്യാപക-രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കിക്കൊണ്ട് 25-6-2007-ൽ സ.ഉ. (കയ്യെഴുത്ത്) നമ്പർ. 126/2007/പൊ.വി.വ. പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാർത്ഥികളുടെ ക്ഷേമം അടിസ്ഥാനമാക്കിയുള്ള നിർമ്മാണ വികസന പ്രക്രിയകൾ, സാംസ്ക്കാരിക പരിപാടികൾ, യുവജനോത്സവം തുടങ്ങിയ പഠനനാനുബന്ധ പ്രവർത്തന കാര്യങ്ങൾക്ക് പി. ടി. എ. യുടെ സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തുന്നു.

(സി) 25-6-2007-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 126/2007/പൊ.വി.വ. പ്രകാരമുള്ള പി. ടി. എ. യുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് 18-7-2007-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 142/2007/പൊ.വി.വ. പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.

(ഡി) 6-2-2009-ലെ ജി.ഒ. (സാധാരണ) നമ്പർ 631/2009/പൊ.വി.വ. പ്രകാരം സ്കൂളുകളിലെ പൊതുചടങ്ങുകൾക്കായി മാർഗ്ഗരേഖ നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു.*

കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി

20 (T*410) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കൊല്ലം ഉണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) കർഷകർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള കാല താമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രകൃതിക്ഷോഭം കൊണ്ട് ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് ഉടനടി നഷ്ടപരിഹാരം നൽകുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തിര ധനസഹായം നൽകുന്നതിനായി പ്രകൃതിക്ഷോഭദുരിതാശ്വാസ നിധിയിൽ നിന്നും 19,10,00000 രൂപ ജില്ലാ കളക്ടർമാർക്ക് സർക്കാർ ഉത്തരവ് (സാധാ.) 2532/2010/ഡി.എം.ഡി. തീയതി 28-5-2010 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പദ്ധതിയിൻകീഴിൽ ആലപ്പുഴ ജില്ലയിൽ നെൽക്കൃഷി നശിച്ച 21 പാടശേഖരങ്ങളിലേയ്ക്കായി 31.6 ടൺ നെൽവിത്ത് സംസ്ഥാന വിത്തു വികസന അതോറിറ്റി സൗജന്യമായി വീണ്ടും കൃഷി ഇറക്കുന്നതിനായി നൽകി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly